കേരളകൗമുദി

1992 ഒക്ടോബർ 7   1168 കന്നി 21 ബുധൻ

പുതിയ യോഗംനേതൃത്വത്തിൻെറ കടമ

പുതിയൊരു നേതൃത്വനിരയെ അധികാരത്തിൽ അവരോധിച്ചുകൊണ്ട് എസ്.എൻ.ഡി.പി. യോഗത്തിൻെറ 88-89 സംയുക്ത വാർഷികം സമാപിച്ചിരിക്കുന്നു. ഒരു പൊതു തിരഞ്ഞെടുപ്പിൻെറ വീറും വാശിയും ആദ്യന്തം പ്രകടമാക്കുന്നതായിരുന്നു യോഗം വാർഷികത്തോടനുബന്ധിച്ചു നടന്ന തിരഞ്ഞെടുപ്പ്. പോളിംഗ് നിലവാരം എൺപത്തഞ്ചു ശതമാനം വരെ ഉയർന്നത് ആരോഗ്യകരമായ ഒരു ചുവടുവയ്പാണ്. ഉദാസീനത കൈവെടിഞ്ഞ് വോട്ടവകാശം വിനിയോഗിക്കേണ്ടത് തങ്ങളുടെ കടമയാണെന്ന ചിന്ത, യോഗം വാർഷികത്തിലെ പ്രതിനിധികൾക്ക് ഉണ്ടായതിൻെറ ഫലമാണിത്. യോഗത്തിൻെറ ദൈനംദിന കാര്യങ്ങളിലും അവരുടെഈ പങ്കാളിത്തബോധം തളരാതെ നിലനിൽക്കുകയും നിലനിറുത്താൻ കഴിയുകയും ചെയ്താൽ അതുകൊണ്ട് കൈവരിക്കാവുന്ന നേട്ടം ചെറുതൊന്നുമായിരിക്കയില്ല.

തരണം ചെയ്യേണ്ട ഒട്ടേറെ വൈഷമ്യങ്ങളും അഭിമുഖീകരിക്കേണ്ട ഗൗരവമേറിയ വെല്ലുവിളികളും എസ്.എൻ.ഡി.പി യോഗത്തിനുമുന്നിൽ നിരന്നുനിൽക്കുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. സ്ഥാനമൊഴിഞ്ഞ ജനറൽ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിലും യോഗം വാർഷികത്തിൽ നടന്ന

യുള്ളൂ. ഗുരുദേവ സന്ദേശങ്ങൾ വേരോടിയതിൻെറ ഫലമായി ഇന്ത്യയ്ക്കാകെ മാതൃകാപരമായ സമുദായമൈത്രിയുടെ സാന്നിദ്ധ്യം കേരളത്തിൻെറ അഭിമാനകരമായ ഒരു നേട്ടമായിരുന്നു. അതിനുവരെ പോറലേല്പിക്കുന്ന വേദനാജനകമായ സംഭവങ്ങൾക്ക് ഈ സംസ്ഥാനം രംഗമായിത്തുടങ്ങിയിരിക്കുകയാണ്.

അംഗസംഖ്യ കൊണ്ടായാലും സേവനപാരമ്പര്യം കൊണ്ടായാലും ഇന്ത്യയിലെ ഏറ്റവും വലിയ സാമൂഹ്യസംഘടനയായ എസ്.എൻ.ഡി.പി യോഗത്തിന് ഈ വെല്ലുവിളികളെ സമർത്ഥമായി നേരിടാൻ നേതൃത്വം നൽകേണ്ട ചുമതലയുണ്ട്. അവശ ജനവിഭാഗങ്ങളുടെയാകെ മുന്നണി വിഭാഗമായി വർത്തിക്കേണ്ട ബാദ്ധ്യത യോഗത്തിൻേറതാണ്. അത് യഥാവിധി നിർവ്വഹിക്കാൻ ആദ്യം വേണ്ടത് കെട്ടുറപ്പുള്ള ഒരു സംഘടനയാണ്. കാലക്കേടിന് ഇന്നില്ലാത്തതും അതു തന്നെയാണ്. ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ ഐക്യത്തിൻെറ പ്രാധാന്യത്തെപ്പറ്റി പലരും പലപ്പോഴും പറയാറുണ്ടെങ്കിലും അതിന് മുകൈയെടുക്കേണ്ട എസ്.എൻ.ഡി.പി യോഗത്തിന് തന്നെ ചേരിതിരിവുകളും വടംവലികളും കാരണം ശക്തിക്ഷയം സംഭവിച്ച അവസ്ഥയാണുള്ളത്.

ശാസ്ത്രലോകം

അഗ്നിപർവ്വതത്തിലുമുണ്ട് നന്മയും തിന്മയും

കോന്നിയൂർ നരേന്ദ്രനാഥ്

ഭാരതഭൂപ്രദേശത്തിൽ ആകെ രണ്ട് അഗ്നിപർവ്വത ദ്വീപുകളുണ്ട്. ആൻഡമാൻ ദ്വീപ സമൂഹങ്ങളിൽ പെടുന്ന ബാരൻ ദ്വീപും, നാർകൊണ്ടം ദ്വീപും. ഏതാണ്ട് ഇരുനൂറുകൊല്ലക്കാലമായി ഇവ രണ്ടും കെട്ടടങ്ങിക്കിടക്കുകയായിരുന്നു. ദ്വീപുകളിലൊന്നിൽ- ബാരൻ ദ്വീപിൽ- കുറെ മാസങ്ങൾ മുമ്പ് അഗ്നിപർവ്വതപ്രക്രിയ അരങ്ങേറി. ഉറങ്ങിക്കിടന്നിരുന്ന അഗ്നിപർവ്വതം ചൈതന്യമാർജ്ജിച്ചു. പുകയും നീരാവിയും മാത്രമല്ല ലാവയും ജ്വാലാമുഖത്തുനിന്ന് പ്രവഹിച്ചു. ഇത് സംബന്ധിച്ച വാർത്ത, എല്ലാ മാദ്ധ്യമങ്ങളിലും പ്രാധാന്യം നല്കി പ്രത്യക്ഷപ്പെട്ടിരുന്നല്ലോ. ഇന്നും ബാരൻ ദ്വീപ് ആറി അണഞ്ഞു തണുത്തിട്ടില്ല: നിദ്രയിലാണ്ടിരിക്കുന്ന അഗ്നിപർവ്വതം ഏത് സമയത്തും ഗർജ്ജിക്കാനും പൊട്ടിത്തെറിക്കാനും സാദ്ധ്യതയുണ്ടെന്ന സത്യം ബാരൻ ദ്വീപിലെ സംഭവങ്ങൾ വ്യക്തമാക്കുന്നുണ്ട്.

ബാരൻ ദ്വീപിലെ അഗ്നിപർവ്വതത്തെപ്പോലെ, ജനശ്രദ്ധ പിടിച്ചുപറ്റിയതാണ് ഫിലിപ്പൈൻസിലെ പിനട്യൂബോയുടെ സ്ഫോടനവും. ഉഗ്രമായ അഗ്നിപർവ്വത പ്രവർത്തനം മുമ്പ് പല കാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. അവയിൽ മുഖ്യമായവ എ.സി. 79 ൽ പൊട്ടിയ വെസൂവിയസ്, 1883 ൽ സ്ഫോടന വിധേയമായ ക്രാക്കടോവ, 1902 ൽ ചൈതന്യമാർജ്ജിച്ച മോണ്ട് പെലെ-എന്നിവയാണ്. അവസാനം പറഞ്ഞ അഗ്നിപർവ്വതത്തിൻെറ പ്രവർത്തനത്താൽ ചാമ്പലായത്, 35,000 മനുഷ്യരാണ്: വസ്തുവകകൾ വേറെയും:

ഏതാണ്ട് ഒരു ദശകത്തിനുമുമ്പ്, അമേരിക്കൻ ഐക്യനാടുകളിലെ സെൻെറ് ഹെല്ലൻസ് പൊട്ടിയൊഴുകി. 2950 മീറ്ററോളം പൊക്കമുണ്ടായിരുന്ന രണ്ട് പർവ്വതത്തിൻെറ ജ്വാലാമുഖ പ്രദേശത്തിൽ വലിയൊരു പങ്ക് അപ്രത്യക്ഷമായി:

ഫിലിപ്പൈൻസിലെ പിനട്യൂബോ ആണ് ഈ നൂണ്ടാണ്ടിൽ പൊട്ടിയൊഴുകിയ ഏറ്റവും വലിയ അഗ്നിപർവ്വത പ്രവർത്തനം. അത്യധികം പ്രാധാന്യം നേടിയ അത്യാഹിതമായി വളരെ ദിവസങ്ങളോളം അത് ജനശ്രദ്ധപിടിച്ചുപറ്റുകയുമുണ്ടായി. ഇന്നും അത് മുളുകയും മുരങ്ങുകയും പുക തുപ്പുകയും ചെയ്യുന്നു.

അഗ്നിപർവ്വത മുഖത്തുനിന്നു വമിക്കുന്ന പുകയും ധൂളിയും വാതക പടലങ്ങളും നീരാവിയുമൊക്കെ അന്തരീക്ഷത്തിലെ അവസ്ഥയെ വളരെ നാളത്തേക്ക് സ്ഥായിയായി സ്വാധീനിക്കാറുണ്ട്. 1991 ജൂണിൽ പൊട്ടിയ പിനട്യൂബോയിൽ നിന്ന് അന്തരീക്ഷത്തിൽ കലർന്ന ധൂളിയും വാതകങ്ങളും കാലാവസ്ഥയെത്തന്നെ ഒരു പരിധിവരെ മാറ്റിമറിക്കാൻ സാഹചര്യം സൃഷ്ടിക്കുമെന്നാണ് വിദഗ്ദ്ധന്മാരുടെ അഭിപ്രായം.

അന്തരീക്ഷച്ചൂട് ഏറ്റിയേക്കാവുന്ന അവസ്ഥയിലേക്കാണ്, ഭൂതലത്തിൽ മനുഷ്യൻ വരുത്തുന്ന വ്യത്യാസങ്ങൾ, നയിക്കുന്നതെന്ന് പല വിദഗ്ദ്ധന്മാരും പ്രവചിച്ചിട്ടുണ്ട്. കൂടാരച്ചൂടെന്നു പറയാവുന്ന "ഗ്രീൻ ഹൗസ് എഫക്ട്" വരുത്താവുന്ന വിപത്തുകളെപ്പറ്റി ദീർഘമായ ചർച്ചകളും പലയിടങ്ങളിൽ നടന്നു. ഈ വിധത്തിൽ വന്നേക്കാവുന്ന അധികച്ചൂടിനെ നിയന്ത്രിക്കാനും ഏറക്കുറെയില്ലാതാക്കാനും അഗ്നിപർവ്വത ജന്യങ്ങളായ വാതകങ്ങൾക്ക് സാധിക്കും. പിനട്യൂബോയിൽ നിന്ന് കഴിഞ്ഞവർഷം 150-200 ലക്ഷം ടൺ സൾഫർഡയോക്സൈഡ് ഉന്നതാന്തരീക്ഷമേഖലയായ സ്ട്രാട്ടോസ് ഫീയറിലേക്ക് വ്യാപിച്ചിരിക്കുമത്രേ: ഈ നൂറ്റാണ്ടിൽ ഇത്രയധികം വാതക പടലമുയർത്തിയ മറ്റൊരു അഗ്നിപർവ്വത സ്ഫോടനമുണ്ടായിട്ടില്ല.

സൾഫർ ഡയോക്സൈഡ് വാതകം, അന്തരീക്ഷത്തിൽ തങ്ങി നില്ക്കാറുള്ള ഈർപ്പബിന്ദുക്കളിൽ ലയിക്കും. തൽഫലമായുണ്ടാകുന്ന സൾഫ്യൂറിക് ആസിഡ് കണങ്ങൾക്കും ചില പ്രത്യേകതകളുണ്ട്. അവ ദീർഘകാലം അന്തരീക്ഷത്തിൽ തങ്ങിനില്ക്കും. സൂര്യനിൽ നിന്ന് ഭൂതലത്തിലേക്ക് പ്രസരിക്കുന്ന വെയിൽ മടക്കി ബഹിരാകാശത്തേക്ക് പ്രതിഫലിപ്പിക്കാൻ അവയ്ക്ക് വലിയ കഴിവുണ്ട്. അങ്ങനെ ഭൂതലം ക്രമാതീതമായി ചൂടാകാതെ സ്ഥിതി ചെയ്യും. ഇത് വലിയ ഒരു നന്മ തന്നെയാണെന്നു പറയേണ്ടതില്ലല്ലോ.

മെക്സിക്കോയിൽ 1982 ൽ പൊട്ടിയ എൽ ചിച്ചോൺ (EL Chichon) വഹിച്ച വാതക പടലങ്ങൾ, മുകളിൽ സൂചിപ്പിച്ച സാഹരച്യം സൃഷ്ടിച്ചത് ഗവേഷകന്മാരും നിരീക്ഷകരും മനസ്സിലാക്കിയിട്ടുണ്ട്. തൽഫലമായി ആഗോളാടിസ്ഥാനത്തിൽ 0.3 ഡിഗ്രി സെൽസിയസ് കുറഞ്ഞെന്നാണവർ കണ്ടുപിടിച്ചത്. ഇൻഡോനേഷ്യൻ മേഖലയിലെ ടംബോറ അഗ്നിപർവ്വതം 1815 ൽ പൊട്ടിയപ്പോൾ വമിച്ച വാതകങ്ങളും ധൂളിയും മറ്റും ഇതുപോലെ കാലാവസ്ഥയെ സ്വാധീനിച്ചിട്ടുണ്ട്. അതും ഉഷ്ണം കുറയ്ക്കാനുള്ള സാഹചര്യമാണ് സൃഷ്ടിച്ചത്. അമേരിക്കയിലും യൂറോപ്പിലും അക്കൊല്ലത്തെ വേനൽക്കാലത്ത് സ്വാഭാവികമായുണ്ടാകാറുള്ള, അനുഭവപ്പെടാറുള്ള, ചൂട് ഇല്ലായിരുന്നു: അതായത് ഉഷ്ണമില്ലാത്ത വേനൽക്കാലമായിരുന്നു അനുഭവിച്ചത്:

ആയുസ്സൊടുക്കുന്ന പുകവലി

"പുകവലി ആരോഗ്യത്തിന് ഹാനികരമാണ്"-എന്ന മുന്നറിയിപ്പ് സിഗററ്റു കൂടിൻെറ പുറത്ത് നിർബ്ബന്ധമായി രേഖപ്പെടുത്തേണ്ടതാണെന്ന് അനുശാസിക്കുന്ന നിയമം എല്ലാ രാജ്യങ്ങളിലുമിന്നുണ്ട്. ഉപചാരമെന്നമട്ടിൽ കമ്പനിക്കാർ അക്കാര്യം ചെയ്യുന്നു. ആരെങ്കിലും ആ മുന്നറിയിപ്പ് ഗൗരവമായി സ്വീകരിക്കാറുണ്ടോയെന്നു സംശയമാണ്. അല്പവികസിതവും അവികസിതവുമായ നാടുകളിൽ പുകയിലയുടെ ഉപയോഗം പല രൂപങ്ങളിൽ നിലനില്ക്കുന്നു, പുകവലി പ്രത്യേകിച്ചും, അവിടങ്ങളിൽ കൂടുന്നതേയുള്ളൂ. ആരോഗ്യത്തെക്കാൾ, ആയുസ്സിനെക്കാൾ, സ്വീകാര്യമാണ് പുകവലിയെന്ന്, ശീലം അവരെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്.

ബഹുരാഷ്ട്ര പുകയില കുത്തകക്കാർ ഇന്ന് ശ്രദ്ധ കേന്ദ്രീകരിക്കുന്നത് സാധുക്കളായ അവികസിതവും അല്പവികസിതവുമായ രാജ്യങ്ങളിലാണ്. സമ്പന്ന രാജ്യങ്ങളിൽ, ക്രമമായ ബോധവൽക്കരണം കൊണ്ട്, പുകയിലയോടുള്ള പ്രേമം പണ്ടത്തെപ്പോലെ പരിപാലിക്കപ്പെടുന്നില്ല. പുകവലി ശീലിച്ചിരുന്നവർ അത് കുറയ്ക്കാനും, കഴിയുമെങ്കിൽ നിർത്താനും മനഃപൂർവ്വം ശ്രമിക്കുന്നു. പുതിയ കാമുകന്മാരെ അത്രവേഗം പുകയിലയ്ക്ക് അവിടങ്ങളിൽ കണ്ടെത്താൻ പ്രയാസപ്പെടുന്നുമുണ്ട്. അവിടങ്ങളിൽ പറ്റിയിട്ടുള്ള പതനം പരിഹരിക്കാൻ മറ്റു മേഖലകളിലേക്ക് പുകയിലക്കമ്പനിക്കാർ തിരിയുകയാണ്. അങ്ങനെ അവരിന്നെത്തിയിരിക്കുന്നത് അവശന്മാരും ആർത്തന്മാരുമായവരുടെ കൂട്ടത്തിലാണ്.

കമ്പനിക്കാരുടെ പരസ്യവിദ്യകളിലും പ്രകടമായ വ്യത്യാസമുണ്ടായിട്ടുണ്ട്. മുഖത്തടിക്കുന്നമാതിരി പറയാനുള്ളത് പ്രഖ്യാപിക്കാനല്ല അവർക്ക് ഇന്ന് താല്പര്യമുള്ളത്. ഇരയറിയാതെ, അതിനെ ചൂണ്ടയിൽ കൊരുക്കുവാനാണ് ശ്രമം. അതിനധികവും പരോക്ഷമായി സന്ദേശം പകരുകയാണ്. ഇതിനുവേണ്ടി സാമാന്യജനങ്ങൾക്ക് പ്രിയപ്പെട്ട കാര്യങ്ങളിൽ അവർ കൂടി കൂട്ടുചേരുന്നു. സംഗീതം, സ്പോർട്സ്, സാംസ്കാരിക കാര്യങ്ങൾ എന്നിവ നിശ്ചിത ബ്രാൻഡ് സിഗററ്റ് സ്പോൺസർ ചെയ്യുന്നു: സംഗീതമാസ്വദിക്കുമ്പോഴോ, സ്പോർട്സ് കണ്ടാനന്ദിക്കുമ്പോഴോ സിഗററ്റ് അവരുടെ മുമ്പിൽ, മോഹനപരിവേഷം പോലെ പ്രത്യക്ഷപ്പെടും: സിംഹത്തിൻെറ പിന്നാലെ കൂടുന്ന കൗശലക്കാരൻ കുറുക്കനെപ്പോലെ, പാട്ടിൻെറ കൂടെ, പന്തുകളിയുടെ കൂടെ, നാടകത്തിൻെറ കൂടെ, നൃത്തത്തിൻെറ കൂടെ, സിഗററ്റും സഞ്ചരിക്കുന്നു: വിഹരിക്കുന്നു: അതിലെ പരോക്ഷമായ സന്ദേശം പ്രത്യക്ഷമാകുന്നു:

ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ഇന്നുവരെ രൂപീകരിച്ചിട്ടുള്ള കമ്മിഷനുകളും കമ്മിറ്റികളും വിദഗ്ദ്ധസമിതികളുമെല്ലാം, അതതുകാലങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ആധികാരിക നിഗമനങ്ങളിൽ, പുകവലി മനുഷ്യനുണ്ടാക്കുന്ന വിഷമാവസ്ഥകളെക്കുറിച്ചു പ്രതിപാദിച്ചിട്ടുണ്ട്. പ്രത്യക്ഷമായും പരോക്ഷമായും ഉണ്ടാക്കിയേക്കാവുന്ന രോഗങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്. വിദഗ്ദ്ധന്മാർക്ക് ഈ വിഷയത്തിൽ രണ്ടഭിപ്രായമില്ല: പുകവലി ആരോഗ്യത്തിന് ഹാനികരമാണ്.

വസ്തുതയിതാണെങ്കിലും, പുകയിലയും മനുഷ്യനുണ്ടാകുന്ന ചില രോഗങ്ങളും തമ്മിലുള്ള ബന്ധം, സംശയാതീതമായി തെളിയിച്ചിട്ടില്ലെന്ന് തോന്നത്തക്ക ചിന്താഗതി നിലനില്ക്കാൻ, സിഗററ്റുകമ്പനിക്കാരെല്ലാം ബോധപൂർവ്വം പ്രചരണം നടത്തുന്നുണ്ട്. പരസ്യകലയുടെ എല്ലാ സാദ്ധ്യതകളും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ളതാണ് ഈ പ്രയത്നം. പഴയ പുകവലിക്കാർ കൊഴിഞ്ഞുപോകാതിരിക്കാനും പുതിയവരെ കെണിയിൽ കൊളുത്താനും ഈ വിധത്തിലുള്ള പരസ്യങ്ങൾക്ക് ഏറക്കുറെ സാധിക്കുന്നുമുണ്ട്.

അമേരിക്കൻ ഐക്യനാടുകളിലെ സർക്കാരിൻെറ അത്യുന്നത പദവിയിലിരിക്കുന്ന സർജൻ ജനറൽ ആൻേറാനിയനോവെല്ലായുടെ ഒരു റിപ്പോർട്ട് അടുത്ത കാലത്ത് പ്രസിദ്ധപ്പെടുത്തി. "പുകവലിയും അമേരിക്കകളിലെ ആരോഗ്യസ്ഥിതിയും"- എന്നാണതിൻെറ പേര്. ശ്രദ്ധേയങ്ങളായ നിരവധി വസ്തുതകൾ അതിൽ കാണാം. പുകയില എത്ര കഠിനനായ കുറ്റവാളിയാണെന്നും, അടുത്ത നൂറ്റാണ്ടിൽ അത് ചെയ്തേക്കാവുന്ന ദ്രോഹങ്ങളുടെ രൂപമെന്താണെന്നും അസന്നിഗ്ദ്ധമായി അതിൽ വെളിപ്പെടുത്തിയിട്ടുണ്ട്. പുകയിലക്കമ്പനി രാജാക്കാന്മാരുടെ പൂമുറ്റത്തു തന്നെയാണ് ഈ ആപൽ സൂചനാപതാക ഉയർത്തിയിരിക്കുന്നത്:

പുകവലിയുമായി ബന്ധപ്പെട്ട രോഗങ്ങൾ ഒന്നും രണ്ടുമല്ല: നിരവധിയുണ്ട്. എങ്കിലും കൂടുതലായി ശ്രദ്ധിക്കപ്പെട്ടിട്ടുള്ളത്, അർബ്ബുദം, ശ്വാസകോശദീനങ്ങൾ, ഹൃദ്രോഗം, ഗർഭ സംബന്ധികളായ വൈഷമ്യങ്ങൾ, ഗർഭസ്ഥ ശിശുവിനുണ്ടാകാവുന്ന വൈകല്യങ്ങൾ, തുടങ്ങിയവയത്രേ. ഇവയിൽ ചിലത്, പുകവലി ശീലക്കാരുടെ എണ്ണം കൂടുന്നതോടുകൂടി, സാംക്രമികരൂപം പ്രാപിക്കുമെന്നാണ് സർജൻ ജനറലിൻെറയഭിപ്രായം. പുകവലിയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധമുള്ള രോഗങ്ങൾ ഐക്യനാടുകളിലും കാനഡയിലും ഇന്നു ക്രമാതീതമായിട്ടുണ്ട്. അതിനുകാരണം കഴിഞ്ഞ കാലങ്ങളിൽ പുകവലി ശീലത്തിനുണ്ടായിരുന്ന വൈപുല്യമാണ്. ദീർഘകാലമായി പുകവലിക്കാർ സ്ഥാപിച്ച പുകയിലയുമായുള്ള ബന്ധത്തിൻെറ ഫലം ഇപ്പോൾ രൂക്ഷമായി പ്രകടമാകുന്നു.

പുകവലി മൂലമുള്ള അർബ്ബുദവും ഹൃദ്രോഗവുമൊക്കെ പ്രകടീഭവിക്കാൻ ഒരു കാലപരിധി വേണ്ടിവരും. കുറെ മുമ്പ് ഐക്യനാടുകളിലും കാനഡയിലും പുകവലി ശീലക്കാരുടെ എണ്ണം ക്രമാതീതമായിരുന്നു. അവരിൽ ഏറപ്പേരും ഇന്ന് രോഗികളായി ചികിത്സാകേന്ദ്രങ്ങളിൽ അഭയം തേടുകയാണ്. ഏതാണ്ടിതേ സ്ഥിതിവിശേഷമാണ് ഇന്ന് ലാറ്റിനമേരിക്ക, കരീബിയൻ മേഖല എന്നിവിടങ്ങളിൽ നിലവിലിരിക്കുന്നത്. അവിടങ്ങളിലെ പട്ടണങ്ങളിലുള്ള യുവാക്കളിൽ അൻപതുശതമാനത്തിലധികം പേരും, കടുത്ത പുകവലിശീലക്കാരാണ്. ഈ പ്രവണതയും സ്ഥിതിയും നിലനിന്നാൽ കുറച്ചു കാലത്തിനുള്ളിൽ സാംക്രമികരോഗത്തെപ്പോലെയുള്ള ഒരു അവസ്ഥാവിശേഷം അവിടെ രൂപം കൊള്ളുമെന്നത്രേ സർജ്ജൻ ജനറലിൻെറ മുന്നറിയിപ്പ്.

ഇന്ന് അമേരിക്കൻ ഐക്യനാടുകൾ, കാനഡ, ചില യൂറോപ്യൻ നാടുകൾ എന്നിവിടങ്ങളിൽ പുകവലിശീലക്കാരുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. പുകയിലയ്ക്ക് പുതിയ ആരാധകർ പഴയതോതിൽ, ഇന്നുണ്ടാകുന്നില്ല. എത്ര കഠിനമായ ശീലത്തെയും നിരുത്സാഹപ്പെടുത്താൻ നിർബ്ബന്ധബുദ്ധിയോടെ പ്രയത്നിച്ചാൽ സാധിക്കുമെന്നാണ് വികസിത രാജ്യങ്ങളിലെ ഈ അനുഭവം തെളിയിക്കുന്നത്.

പുകവലിശീലം, പുലർത്താനും വളർത്താനും ബഹുരാഷ്ട്ര കുത്തകക്കമ്പനികൾ കൂടുതലും പ്രവർത്തിക്കുന്നത് ജനസാന്ദ്രതയേറിയ അവികസിതവും അല്പവികസിതവുമായ നാടുകളിലാണ്. ജനപ്പെരുപ്പം, നഗരജീവിതാസക്തി, വിദ്യാഭ്യാസാഭിവൃദ്ധി, തൊഴിലാളികളുടെയണികളിൽ പെരുകുന്ന വനിതകളുടെ എണ്ണം, അരക്ഷിതാവസ്ഥ- തുടങ്ങിയവയൊക്കെ പുകവലിക്കാരെ സൃഷ്ടിക്കാൻ ധാരാളം സാദ്ധ്യതയുള്ള മേഖലകളാണ്. ശാസ്ത്രീയവും വിദഗ്ദ്ധവുമായ പ്രചരണ പദ്ധതികളിലൂടെ ജനങ്ങളെ തങ്ങളുടെ ഉല്പന്നങ്ങളിൽ തളച്ചിടാൻ സകലശക്തിയുമുപയോഗപ്പെടുത്തുന്നുണ്ട്, കമ്പനിക്കാർ.

രാഷ്ട്രീയ ശക്തികേന്ദ്രങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും സ്വാധീനിക്കാനുള്ള വഴികളിലും അവർ വിദഗ്ദ്ധർ തന്നെ.

ഐക്യനാടുകളിലെ മറ്റൊരു പഠനത്തിൽ, ആയുർദൈർഘ്യമാണ് മുഖ്യമായ വിഷയമായിരുന്നത്. പുകവലിക്കാത്തവർക്ക്, വലിക്കുന്നവരെക്കാൾ, കുറഞ്ഞത് പതിനെട്ടുവയസ്സെങ്കിലും കൂടുതൽ ജീവിക്കാൻ സാധിക്കുന്നുണ്ടെന്നാണ് ആ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്.

സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കാനും കൃത്യമായി സൂക്ഷിക്കാനും പ്രസിദ്ധപ്പെടുത്താനും നമ്മുടെ നാട്ടിൽ വേണ്ടത്ര ശ്രദ്ധിക്കാറില്ല. അതുകൊണ്ട്, പുരോഗതി പ്രാപിച്ച നാടുകളിൽ നടത്താറുള്ള വിശകലനങ്ങളോ, പഠനങ്ങളോ മാതൃകയാക്കി ഇവിടെയും അത്തരം കാര്യങ്ങൾ ചെയ്യാൻ സംഗതിയാകുന്നില്ല. മറ്റൊരു വൈഷമ്യവും എടുത്തുപറയേണ്ടതുണ്ട്. പലപ്പോഴും ശേഖരിച്ചിട്ടുള്ള വസ്തുതകൾ, ശരിയല്ല, അയഥാർത്ഥങ്ങളായ സ്ഥിതി വിവരങ്ങളെ ആസ്പദമാക്കി നടത്തുന്ന ഏത് തീർപ്പും ശരിയാകാൻ വഴിയില്ല. നമ്മുടെ പ്ലാനിംഗിൽ പറ്റുന്ന പാകപ്പിഴകൾക്ക് പ്രധാനകാരണം ഇത്തരത്തിൽ സ്വീകരിക്കാറുള്ള കള്ളക്കണക്കുകളാണ്. ഐക്യനാടുകളിലും യൂറോപ്യൻ രാജ്യങ്ങളിലുമുള്ള പഠനങ്ങളെ നാം കൂടുതൽ ആശ്രയിക്കേണ്ടിവരുന്നതും ഈ അവസ്ഥാവിശേഷം കൊണ്ടാണ്.